प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 27, 2019

**പഞ്ചാബ് പത്താൻ കോട്ടിലെ ഹിന്ദുസഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എ എ സി എസ്) സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ**

1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A സബ് സെക്ഷൻ (1) ഒപ്പം 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 56 എന്നിവ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, പഞ്ചാബ് പത്താൻ കോട്ടിലെ ഹിന്ദുസഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ 2019 മാർച്ച് 25ന് ബിസിനസ്സ് അവസാനിപ്പിച്ച സമയം മുതൽ നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ നിയന്ത്രണ നിർദ്ദേശങ്ങൾ ബാങ്കിനു മേൽ ചില പരിമിതികൾ നിശ്ചയിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളുടെ കൂടുതൽ വിവരങ്ങൾ ബാങ്കിൻറെ വെബ് സൈറ്റിലും, ബാങ്ക്മന്ദിരത്തിലും വിളംബരപ്പെടുത്തിയിട്ടുണ്ട്. സാഹചര്യങ്ങളനുസരിച്ച് ഈ നിർദ്ദേശങ്ങളിൽ റിസർവ് ബാങ്ക് ഭേദഗതികൾ പരിഗണിച്ചേയ്ക്കാം എന്നിരുന്നാലും, നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു എന്നുള്ളതിനാൽ റിസർവ്ബാങ്ക് ഓഫ് ഇൻഡ്യ ബാങ്കിംഗ് ലൈസൻസു റദ്ദുചെയ്തിരിക്കുന്നതായി കാണക്കാക്കേണ്ടതില്ല. ബാങ്ക്, അതിൻറെ ധനസ്ഥിതി മെച്ചപ്പെടുന്നതുവരെ, നിബന്ധനകൾക്കുവിധേയമായി ബാങ്കിംഗ് ബിസിനസ്സ് തുടർന്നും നടത്തുന്നതാണ്.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2298**